സേവനാവകാശ നിയമത്തിൽ ഉൾപ്പെട്ട 26 സേവനങ്ങളിൽനിന്നും ഓൺലൈൻ രൂപത്തിൽ നൽകുവാൻ കഴിയുന്ന 22 സർവ്വീസുകൾ കണ്ടെത്തിയിട്ടുണ്ട്. അവയിൽ എഫ്.എൽ.3 ലൈസൻസ് പുതുക്കൽ, എഫ്.എൽ.-11 ലൈസൻസ് പുതുക്കൽ, എഫ്.എൽ-4(എ) ലൈസൻസ് പുതുക്കൽ, എഫ്.എൽ.6 ലൈസൻസ് അനുവദിക്കൽ, ബ്രാൻഡ് രജിസ്ട്രേഷൻ എന്നീ അഞ്ചിനം സർവ്വീസുകൾ നാഷണൽ ഇൻഫോമാറ്റിക്സ് സെന്ററിന്റെ സർവ്വീസ് പ്ലസ് എന്ന സോഫ്റ്റ്വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക്സ് രൂപത്തിൽ നൽകിവരുന്നു. ഇതുകൂടാതെ മറ്റ് സർവ്വീസുകളും ഇപ്രകാരം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസും എക്സൈസ് റെയ്ഞ്ച് ഓഫീസും

133 (1874) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസും, അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയിഞ്ച് ഓഫീസും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മിച്ചൽ ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റ്

134 (1875) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മിച്ചൽ ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റ് മറ്റൊരു പ്രദേശത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഔട്ട് ലെറ്റ് മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly